Email:-keralarcs.coop@kerala.gov.in
website:- www.cooperation.kerala.gov.in
Fax- **0471-2331513**
Tel- **0471-2330726**

സി.ജി.(1) 3450 /2012

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : **24/4/2013**

# സർക്കുലർ നമ്പർ 30/2013

വിഷയം– സഹകരണ വകുപ്പ്– സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ ഇടപാടുകാരുടെ വിവരം സൂക്ഷിക്കുന്നത്– സംബന്ധിച്ച്.
സൂചന– സഹകരണസംഘം രജിസ്ട്രാറുടെ 31.3.2012 ലെ 12/2012 നം.സർക്കുലർ

സഹകരണ സംഘങ്ങളിലെ അംഗത്വ രജിസ്റ്റർ കാലാനുസൃതമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കണമെന്ന് സൂചന സർക്കുലറിൽ നിർദ്ദേശം നൽകിയിരുന്നു. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുന്ന കെ വൈ സി (Know Your Customer) നോംസ് ബാധകമാണ്. എന്നാൽ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കാത്തതും അംഗങ്ങളിൽ നിന്ന് നിക്ഷേപം സ്വരൂപിക്കുന്നതുമായ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വരൂപിക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടി ക്രമങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

1) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും അംഗത്വം നൽകുമ്പോൾ തന്നെ ചട്ടം 16(എ) യിൽ പരാമർശിക്കുന്ന വിധം അംഗത്തിന് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്. ഫോറം (ബി) യിലുള്ള തിരിച്ചറിയൽ കാർഡ് രജിസ്റ്റർ യഥാവിധി രേഖപ്പെടുത്തലുകൾ വരുത്തി കാലാനുസൃതമാക്കേണ്ടതാണ്.
2) ഒരു അംഗത്തിന്റെ അംഗത്വ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലാനുസൃതമായി സൂക്ഷിക്കുമ്പോൾ തന്നെ അംഗം ഏതെങ്കിലും തരത്തിലുള്ള നിക്ഷേപ അക്കൗ ് ആരംഭിക്കുകയാണെങ്കിൽ അംഗത്തിന്റെ മതിയായ തിരിച്ചറിയൽ ഉറപ്പു വരുത്തുന്നതിനും മേൽ വിലാസം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3) നിക്ഷേപകന്റെ തിരിച്ചറിയൽ ഉറപ്പു വരുത്തുന്നതിനായി സംഘത്തിന്റെ തന്നെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, പാൻകാർഡ്, പാസ്പോർട്ട്, ഇലക്ഷൻ കമ്മീഷന്റെ വോട്ടർ ഐഡൻന്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, തൊഴിലുടമ നൽകുന്നതും സംഘത്തിന് ബോദ്ധ്യപ്പെടുന്നതുമായ മറ്റ് ഐഡന്റിറ്റി കാർഡുകൾ എന്നിവ സ്വീകരിക്കാവുന്നതാണ്.
4) നിക്ഷേപകന്റെ മേൽ വിലാസം ഉറപ്പു വരുത്തുന്നതിനായി സംഘത്തിൽ നിന്നും നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, ടെലിഫോൺ ബിൽ, ഇലക്ട്രിസിറ്റി ബിൽ, മറ്റു ബാങ്കുകളുടെ ബാങ്ക് അക്കൗ ് സ്റ്റേറ്റ്മെന്റ്, റേഷൻ കാർഡ്, തൊഴിലുടമയിൽ നിന്നും ലഭിക്കുന്ന കത്തുകൾ, മേൽ വിലാസം സാക്ഷ്യപ്പെടുത്തിയ മറ്റ് പൊതു അധികാര സ്ഥാപനങ്ങൾ നൽകുന്ന കത്തുകൾ എന്നിവ സ്വീകരിക്കാവുന്നതാണ്.
5) ഇപ്രകാരം നിക്ഷേപകനെ സംബന്ധിച്ച രേഖകൾ വാങ്ങുന്നതിനോടൊപ്പം നിക്ഷേപകന്റെ തൊഴിൽ, വരുമാനം മുതലായ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് വാങ്ങി സൂക്ഷിക്കേ താണ്. കൂടാതെ നിക്ഷേപകന്റെ ഫോട്ടോ കൂടി നിക്ഷേപം സംബന്ധിച്ച രജിസ്റ്ററിൽ പതിക്കേണ്ടതുമാണ്. മേൽ പരാമർശിച്ച വിവരങ്ങൾ കാലാനുസൃതമാക്കേണ്ടതുമാണ്.
6) എല്ലാ സഹകരണ സംഘങ്ങളും നിക്ഷേപ ഇടപാടുകളിൽ സംശയാസ്പദമായത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രിവൻഷൻ ഓഫ് മണി ലോണ്ടറിംഗ് ആക്ട് (PML Act) പ്രകാരം കേന്ദ്ര സർക്കാരിന്റെ ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റ് ഓഫ് ഇന്ത്യയെ അറിയിക്കേ

ണ്ടതാണ്. ഇപ്രകാരം സംശയാസ്പദമായ ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് അധികാരികളെ അറിയിക്കേ ചുമതല ചീഫ് എക്സിക്യൂട്ടിവിനായിരിക്കും.

7) സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് (നാമമാത്ര അംഗങ്ങൾ ഉൾപ്പെടെ) നിക്ഷേപ വായ്പ ഇടപാടുകൾ ഒന്നും ഇല്ലെങ്കിലും അംഗത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ അംഗത്വ രജിസ്റ്ററിൽ ഉൾപ്പെടുത്തേ തും ആയത് കാലാനുസൃതമായി പുതുക്കേണ്ടതുമാണ്.

8) ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പാലിക്കുന്നു ന്ന് സംഘത്തിൽ/ബാങ്കിൽ ഇൻസ്പെക്ഷൻ നടത്തുമ്പോഴും ആഡിറ്റ് നടത്തുമ്പോഴും പ്രത്യേകമായി സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതാണ്.

9) ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ റിസർവ്വ് ബാങ്ക് നിർദ്ദേശിക്കുന്ന കെ വൈ സി (Know Your Customer) നോംസ് കർശനമായും പാലിക്കേണ്ടതാണ്.

ഒപ്പ്

കെ.വി.സുരേഷ്ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)